पचास रुपये ₹.50

FIFTY RUPEES Rs.50

INDIA

INDIA NON JUDICIAL

കേരളം केरल KERALA

CF 840719

## വാടക കരാർ

( 17-08-2022) രണ്ടായിരത്തി ഇരുപത്തി രണ്ടാമാണ്ട് ആഗസ്റ്റ് മാസം പതിനേഴാം തീയ്യതി ; എറണാകുളം ജില്ല, കണയന്നൂർ താലൂക്ക്, പൂണിത്തുറ വില്ലേജ്, വൈറ്റില പി.ഒ, പിൻ- 682 019, വൈറ്റില ദേശത്ത്, ജനത റോഡിൽ, ലെയിൻ നമ്പർ- 45 ൽ, വടക്കെ കുരികയിൽ V.S. ആന്റണി ഭാര്യ 74 വയസ്സ് **കൊച്ചുത്രേസ്യ ആന്റണി** ഒന്നാം പാർട്ടിയായും ; Kerala Holidays Pvt Ltd., ന് വേണ്ടി മാനേജിംഗ് ഡയറക്ടർ എറണാകുളം ജില്ല, കണയന്നൂർ താലൂക്ക്, വാഴക്കാല വില്ലേജ്, വാഴക്കാല ദേശത്ത്, 11/315B -ാം നമ്പർ വീട്ടിൽ വെട്ടിക്കാട്ട് ഹൗസിൽ വർഗ്ഗീസ് മകൻ 68 വയസ്സ് **എബ്രഹാം ജോർജ്ജ്** രണ്ടാം പാർട്ടിയായും ; ചേർന്ന് എഴുതിയ വാടക കരാർ.

ഒന്നാം പാർട്ടി : **കൊച്ചുത്രേസ്യ ആന്റണി** Koch...

രണ്ടാം പാർട്ടി : Kerala Holidays Pvt Ltd., ന് വേണ്ടി മാനേജിംഗ് ഡയറക്ടർ **എബ്രഹാം ജോർജ്ജ്**

13573 Date 17.8.2022

Value Rs. 50/-

To

എബ്രഹാം ജോർജ്ജ്

വാഴക്കാല

SOMASEKHARA MENON

SUB TREASURY

पचास रुपये ₹.50

FIFTY RUPEES Rs.50

INDIA

INDIA NON JUDICIAL

കേരളം केरल KERALA

CF 840720



ഒന്നാം പാർട്ടി വകയും ഒന്നാം പാർട്ടിയുടെ കൈവശത്തിലും, കരം തീരുവയിലും ഇരുന്നു വരുന്നതും, ഒന്നാം പാർട്ടിക്ക് പൂർണ്ണവകാശപ്പെട്ടതുമായ പൂണിത്തുറ വില്ലേജ്, വൈററില ദേശത്ത്, തൈക്കൂടം N.H. ബൈപ്പാസിൽ സ്ഥിതി ചെയ്യുന്നതുമായ അന്ന ബിൽഡിംഗിലെ സി.സി. 29/380 എന്ന് നമ്പറായുള്ള കെട്ടിടം പ്രതിമാസം 64,046/- (അറുപത്തി നാലായിരത്തി നാൽപ്പത്തി ആറ്) രൂപ വീതം വാടക തരാമെന്ന് സമ്മതിച്ച് രണ്ടാം പാർട്ടിക്ക് " Kerala Holidays Pvt Ltd.," എന്ന സ്ഥാപനത്തിന്റെ ബിസിനസ്സ് ആവശ്യത്തിലേക്കായി ഇന്നു മുതൽ പതിനൊന്ന് മാസക്കാലത്തേയ്ക്ക് മാത്രമായി ഒന്നാം പാർട്ടിയിൽ നിന്നും രണ്ടാം പാർട്ടി വാടകയ്ക്ക് ഏറ്റു വാങ്ങിയിരിക്കുന്നു.

ഒന്നാം പാർട്ടി : **കൊച്ചുത്രേസ്യ ആന്റണി**

രണ്ടാം പാർട്ടി : Kerala Holidays Pvt Ltd., ന് വേണ്ടി മാനേജിംഗ് ഡയറക്ടർ

**എബ്രഹാം ജോർജ്ജ്**

13574 Date 17.8.2022

VALUE Rs. 50/-

എബ്രഹാം ജോർജ്ജ്

SOMASEKHARA MENON
STAMP VENDOR SUB MARADU

SUB TREASURY

पचास रुपये ₹.50 FIFTY RUPEES Rs.50
INDIA
INDIA NON JUDICIAL

**കേരളം केरल KERALA** CF 840721



ടി വാടകയുടെയും മറ്റും കൂടുതൽ ഉറപ്പിലേക്കായി കാലാവധിക്ക് ശേഷം പലിശ കൂടാതെ തിരിച്ച് കൊടുക്കാമെന്ന വ്യവസ്ഥയിൽ അഡ്വാൻസായി 10,00,000/- ( പത്ത് ലക്ഷം) രൂപ രണ്ടാം പാർട്ടിയിൽ നിന്നും ഒന്നാം പാർട്ടി കൈപറ്റിയിട്ടുള്ളതും, ആയതിന് രണ്ടാം പാർട്ടി രസീത് വാങ്ങിച്ചിട്ടുള്ളതുമാകുന്നു. ടി വാടകയ്ക്കും പുറമെ ടി കെട്ടിടത്തിൽ രണ്ടാം പാർട്ടി ഉപയോഗിക്കുന്നതിനനുസരിച്ചുള്ള കറന്റ് ചാർജ്ജ് ആയതിന്റെ ബിൽ വരുന്നതിനനുസരിച്ച് ബന്ധപ്പെട്ട അതോറിറ്റിയിൽ രണ്ടാം പാർട്ടി അടച്ച് ആയതിന്റെ രസീത് രണ്ടാം പാർട്ടി ഒന്നാം പാർട്ടിയെ ഏൽപ്പിക്കേണ്ടതാകുന്നു.

ഒന്നാം പാർട്ടി : **കൊച്ചുത്രേസ്യ ആന്റണി** Koc...

രണ്ടാം പാർട്ടി : Kerala Holidays Pvt Ltd., ന് വേണ്ടി മാനേജിംഗ് ഡയറക്ടർ **എബ്രഹാം ജോർജ്ജ്**

135 75 Date 17.8.2022
VALUE Rs. 50/-
To

എബ്രഹാം ജോർജ്ജ്
വാഴക്കാല

SOMASEKHARA MENON

SUB TREASURY ... 2022 ... 682301

पचास रुपये ₹.50 FIFTY RUPEES Rs.50

INDIA

INDIA NON JUDICIAL

കേരളം केरल KERALA

CF 840722



വാടക എല്ലാ മാസവും ഒന്നാം തീയ്യതിക്കകമായി രണ്ടാം പാർട്ടി ഒന്നാം പാർട്ടിയ്ക്ക് രൊക്കം കൊടുത്ത് ബോദ്ധ്യപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ വാടക തരാതെ മുടക്കം വരുത്തിയാൽ മുടക്കം വരുത്തുന്ന വാടകയ്ക്ക് മാസത്തിൽ നൂറ്റിക്ക് ഒന്നു വീതം കൂടുന്ന പലിശ സഹിതം രണ്ടാം പാർട്ടി ഒന്നാം പാർട്ടിക്ക് കൊടുക്കേണ്ടതും, വാടക തുടർച്ചയായി മുടക്കം വരുത്തിയാൽ ഒന്നാം പാർട്ടിക്ക് തോന്നുന്ന പക്ഷം കാലാവധി പരിഗണിക്കാതെ ടി കെട്ടിടം രണ്ടാം പാർട്ടിയിൽ നിന്നും ഒഴിപ്പിച്ചെടുക്കുന്നതിന് ഒന്നാം പാർട്ടിക്ക് എല്ലാ വിധ അധികാരവകാശങ്ങൾ ഉണ്ടായിരിക്കുന്നതും അപ്രകാരം ഒഴിഞ്ഞു കൊടുക്കുവാൻ രണ്ടാം പാർട്ടി ബാദ്ധ്യസ്ഥനുമായിരിക്കും.

ഒന്നാം പാർട്ടി : **കൊച്ചുത്രേസ്യ ആന്റണി**

രണ്ടാം പാർട്ടി : Kerala Holidays Pvt Ltd., ന് വേണ്ടി മാനേജിംഗ് ഡയറക്ടർ **എബ്രഹാം ജോർജ്ജ്**

13576 Date 17.8.2021

VALUE Rs. 50/-

എബ്രഹാം ജോർജ്ജ്

SUB TREASURY

കാലാവധി തികയുന്നതോടു കൂടി അതേ വരെയുള്ള വാടകയുടെ കണക്കുകൾ നോക്കി രണ്ടാം പാർട്ടിയിൽ നിന്നും വല്ല സംഖ്യയും വരുവാനുണ്ടായിരുന്നാൽ ആ വക സകല സംഖ്യയും അഡ്വാൻസ് സംഖ്യയിൽ തട്ടിക്കിഴിച്ചും പോരാതെ വന്നാൽ രണ്ടാം പാർട്ടിയുടെ കയ്യാലും ഒന്നാം പാർട്ടിക്ക് കൊടുത്ത് യാതൊരു തർക്കവും പറയാതെ ടി കെട്ടിടം ഒന്നാം പാർട്ടിക്ക് ഒഴിഞ്ഞു കൊടുക്കേണ്ടതുമാണ്.

ടി കെട്ടിടത്തിന്റെ ഇപ്പോഴുള്ള വിസ്തീർണ്ണം മുതലായതുകൾക്കോ മറ്റോ എന്തെങ്കിലും മാറ്റം വരുത്തുവാനോ, പുതിയ പണികൾ ചെയ്യുന്നതിനോ, ടി കെട്ടിടം കീഴ് വാടകയ്ക്ക് കൊടുക്കുന്നതിനോ, അന്യ കൈമാറ്റം ചെയ്യുന്നതിനോ, ടി കെട്ടിടം നിയമ വിരുദ്ധമായ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാനോ, ടി കെട്ടിടത്തിൽ നിയമ വിരുദ്ധമായ വസ്തുക്കൾ സൂക്ഷിക്കുവാൻ പാടുള്ളതല്ലെന്നും, ടി കെട്ടിടം രണ്ടാം പാർട്ടിക്ക് മേൽ പറഞ്ഞ ആവശ്യത്തിനല്ലാതെ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനോ, രണ്ടാം പാർട്ടിക്ക് അവകാശമോ അധികാരമോ ഉണ്ടായിരിക്കുന്നതല്ല.

അപ്രകാരം തന്നെ രണ്ടാം പാർട്ടി ടി കെട്ടിടവും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതും, രണ്ടാം പാർട്ടിയുടെ ഉപയോഗാർത്ഥം ഉണ്ടാകുന്ന വേസ്റ്റുകൾ രണ്ടാം പാർട്ടിയുടെ ഉത്തര വാദിത്വത്തിലും ചിലവിലും മാറ്റേണ്ടതും, കാലാവധി കഴിയുന്ന മുറയ്ക്ക് ടി കെട്ടിടം ഇപ്പോൾ തന്ന അവസ്ഥയിൽ തന്നെ വൃത്തിയായി തിരിച്ചു നൽകേണ്ടതുമാകുന്നു. അപ്രകാരം ചെയ്യാതെ രണ്ടാം പാർട്ടി വീഴ്ച്ച വരുത്തിയാൽ അതുമൂലം ഒന്നാം പാർട്ടിക്ക് ഉണ്ടാകുന്ന ചിലവുകൾക്ക് വരുന്ന തുക, മേൽ പറഞ്ഞ അഡ്വാൻസ് സംഖ്യയിൽ നിന്നും ഈടാക്കുന്നതും, ആയത് തികയാതെ വന്നാൽ രണ്ടാം പാർട്ടിയുടെ കയ്യിനാൽ ഒന്നാം പാർട്ടിക്ക് നൽകേണ്ടതുമാകുന്നു.

കാലാകാലങ്ങളിൽ ടി കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ നടത്തുന്നതിനും, മറ്റാവശ്യങ്ങൾക്കുമായി ഒന്നാം പാർട്ടിക്കോ, ടിയാന്റെ അവകാശികൾക്കോ, ഏജന്റിനോ ടി കെട്ടിടത്തിൽ പരിശോധന നടത്തുന്നതിന് അധികാര അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്. മേൽ പറഞ്ഞ കെട്ടിടത്തിനോ മറ്റ് സാധന സാമഗ്രികൾക്കോ, ഇലക്ട്രിക്ക്, വാട്ടർ സാനിറ്ററി ഫിറ്റിംഗ്സുകൾക്കോ,

ഒന്നാം പാർട്ടി : **കൊച്ചുത്രേസ്യ ആന്റണി**

രണ്ടാം പാർട്ടി : Kerala Holidays Pvt Ltd., ന് വേണ്ടി മാനേജിംഗ് ഡയറക്ടർ

**എബ്രഹാം ജോർജ്ജ്**

രണ്ടാം പാർട്ടിയുടെ സൂക്ഷ്മക്കുറവോ അജാഗ്രതയോ കൊണ്ട് വല്ല നാശമോശങ്ങളോ, കേടുപാടുകളോ സംഭവിച്ചാൽ ആയതിനെല്ലാം ഒന്നാം പാർട്ടി നിശ്ചയിക്കുന്ന ന്യായമായ നഷ്ട പരിഹാരം തന്നു കൊള്ളാമെന്നും രണ്ടാം പാർട്ടി സമ്മതിച്ചിരിക്കുന്നു.

ടി കാലാവധിക്കു മുൻപെ ടി കെട്ടിടം ഒഴിഞ്ഞു കിട്ടേണ്ടതായി ഒന്നാം പാർട്ടിക്കും, ഒഴിയേണ്ടതായി രണ്ടാം പാർട്ടിക്കും ആവശ്യം വന്നാൽ ആ വിവരം ഒരു മാസത്തെ മുൻകൂർ നോട്ടീസ് മൂലം പരസ്പരം അറിയിക്കേണ്ടതും, അപ്രകാരം അറിയിപ്പു കിട്ടുന്ന പക്ഷം നോട്ടീസിൽ പറയും പ്രകാരം പ്രവർത്തിക്കേണ്ടതുമാകുന്നു. കാലാവധി കഴിയുന്ന സമയം അഡ്വാൻസായി രണ്ടാം പാർട്ടിയിൽ നിന്നും ഒന്നാം പാർട്ടി കൈപറ്റിയ 10,00,000/- ( പത്ത് ലക്ഷം) രൂപയും, രണ്ടാം പാർട്ടി ഒന്നാം പാർട്ടിയിൽ നിന്നും തിരികെ കൈപറ്റി യാതൊരു തർക്കവും പറയാതെ ടി കെട്ടിടത്തിൽ നിന്നും ഒഴിഞ്ഞു മാറേണ്ടതാകുന്നു.

ഈ വാടകക്കരാർ ഉപയോഗിച്ച് രണ്ടാം പാർട്ടി മേൽ പറഞ്ഞ സ്ഥാപനത്തിന്റെ ആവശ്യത്തിനു വേണ്ടി കോർപ്പറേഷനിൽ നിന്ന് ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയത് ഈ വാടക കരാറിന്റ കാലാവധി തികയുന്ന സമയത്ത് റദ്ദാക്കി ടി കെട്ടിടം തിരികെ ഏൽപ്പിച്ചു കൊള്ളാമെന്നും രണ്ടാം പാർട്ടിയും പരസ്പരം പറഞ്ഞ് ഉത്തമവിശ്വാസപ്പെടുത്തുകയും പൂർണ്ണമായി സമ്മതിക്കുകയും ചെയ്തിരിക്കുന്നു.

മേൽ പറഞ്ഞ നിശ്ചയങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാതെ വല്ല വ്യവഹാര ത്തിനോ മറ്റോ രണ്ടാം പാർട്ടി ഇടവരുത്തിയാൽ ഈ വാടക കരാറിനെ ആസ്പദമാക്കി ഒന്നാം പാർട്ടിക്ക് നേരിടുന്ന കോടതി ചിലവ് മുതലായ സകല നഷ്ട സംഖ്യകൾക്കും രണ്ടാം പാർട്ടിയും അഡ്വാൻസ് സംഖ്യയും ടിയാൻ വക ഇതര സ്വത്തുക്കളും ഒരു പോലെ ഉത്തരവാദിയായി ത്തീരുന്ന താണെന്നും സമ്മതിച്ചും താഴെ എഴുതുന്ന സാക്ഷികൾ കാണെ ഇതിൽ

ഒന്നാം പാർട്ടി : **കൊച്ചുത്രേസ്യ ആന്റണി**

രണ്ടാം പാർട്ടി : Kerala Holidays Pvt Ltd., ന് വേണ്ടി മാനേജിംഗ് ഡയറക്ടർ

**എബ്രഹാം ജോർജ്ജ്**

ഒപ്പിട്ട് ഇതിന്റെ അസ്സൽ ഒന്നാം പാർട്ടിയും, ഫോട്ടോസ്റ്റാറ്റ് കോപ്പി രണ്ടാം പാർട്ടിയും സൂക്ഷിക്കുന്നതാകുന്നു.

ഒന്നാം പാർട്ടി : **കൊച്ചുത്രേസ്യ ആന്റണി**

രണ്ടാം പാർട്ടി : Kerala Holidays Pvt Ltd., ന് വേണ്ടി മാനേജിംഗ് ഡയറക്ടർ

**എബ്രഹാം ജോർജ്ജ്**

സാക്ഷികൾ 1)

2)

ഇത് കമ്പ്യൂട്ടർ പ്രിന്റ് ചെയ്തതാകുന്നു.

വെട്ടുതിരുത്തില്ല.

ഒന്നാം പാർട്ടി : **കൊച്ചുത്രേസ്യ ആന്റണി**

രണ്ടാം പാർട്ടി : Kerala Holidays Pvt Ltd., ന് വേണ്ടി മാനേജിംഗ് ഡയറക്ടർ

**എബ്രഹാം ജോർജ്ജ്**